## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6526 — 11/7/2012 ൽ മറുപടിക്ക്

## സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ഏജൻസി

ചോദ്യം

ശ്രീ. പി ഉബൈദുള്ള :

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സി.ബി.ഐ മാതൃകയിൽ സംസ്ഥാനത്ത് സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ഏജൻസി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എയും, ബിയും) : ഉണ്ട്. അതീവ ഗുരുതരമായ കേസുകൾ സമഗ്രവും ശാസ്ത്രീയവുമായ രീതിയിൽ ത്വരിതഗതിയിൽ അന്വേഷണം പൂർത്തിയാക്കി സമയബന്ധിതമായി കുറ്റപത്രം/അന്വേഷണ റിപ്പോർട്ട് കോടതി മുൻപാകെ സമർപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ "ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ്, 1946'' മാതൃകയിൽ സംസ്ഥാനത്തെ പോലീസ് സേനയിൽ സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ആലോചന നടത്തുവാനും അനുയോജ്യ നടപടികൾ സ്വീകരിക്കുവാനും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16.2.2011 ൽ പുറപ്പെടുവിച്ച WP(C) No. 685/2011 ന്റെ വിധി ന്യായത്തിൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സി.ബി.ഐ മാതൃകയിൽ എസ്.ബി.ഐ (സ്റ്റേറ്റ് |

| | |
|---|---|
| | ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ) എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ